04/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2854*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15271**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബാലചന്ദ്രൻ നായർ,
നിർമ്മാല്യം, കെ.പി.2/424,
കൈരളീ നഗർ, വട്ടപ്പാറ ഈസ്റ്റ്,
വട്ടപ്പാറ പി.ഒ., തിരുവനന്തപുരം,
പിൻ - 695 028.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജോയിന്റ് രജിസ്ട്രാർ (ഭരണം II) &,
കേരളാ കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
കേരളാ കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.12.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.12.2018 |
| ഹിയറിംഗ് നടന്ന തീയതി | 16.11.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2.അപ്പീൽ ഹർജിക്കാരൻ 01.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) വിജ്ഞാപന നമ്പർ **GA/K1/34376/2012(Dated 03.03.2016)** പ്രകാരം കേരളാ കാർഷിക സർവ്വകലാശാലയിൽ ബയോകെമിസ്ട്രി അസിസ്റ്റന്റ് പ്രൊഫസർ തസ്തിയിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണെന്നും

2) ടി വിജ്ഞാപന പ്രകാരം ബയോകെമിസ്ട്രി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് എത്രപേർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം എത്രപേരുടെ അപേക്ഷകൾ അംഗീകരിച്ചുവെന്നും എത്രപേർ ടി തസ്തികയിലേയ്ക്ക് നടത്തിയ എഴുത്തു പരീക്ഷയിൽ പങ്കെടുത്തുവെന്നും

3) ബയോകെമിസ്ട്രി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനത്തിന് ഫാക്കൽറ്റി ഓഫ് അഗ്രിക്കൽച്ചറിനു കീഴിൽ നിന്നും ബിരുദ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന് വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ടി ചട്ടത്തിന്റെയും വ്യവസ്ഥയുടെയും (സ്റ്റാറ്റ്യൂട്ടിന്റെ) പകർപ്പ് ലഭ്യമാക്കണമെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 02.11.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 27.12.2018ന് മറുപടി നൽകിയതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. രണ്ടാം എതിർകക്ഷി 02.04.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്,ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി

നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടിയിന്മേൽ ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിന് 27.12.2018ന് മറുപടി നൽകിയിട്ടുണ്ടെന്നും 21.12.2018ൽ നടന്ന കാർഷിക സർവ്വകലാശാല കോൺവോക്കേഷന്റെ സുഗമമായ നടത്തിപ്പിൽ എല്ലാ ഉദ്യോഗസ്ഥരും വ്യാപൃതരായിരുന്നതിനാൽ അപ്പീൽ ഹർജി 27.12.2018നു മാത്രമേ തീർപ്പാക്കാനായുള്ളുവെന്നും 27.12.2018ലെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിരുന്നുവെന്നുമാണ്. അപ്പീൽ തീർപ്പാക്കിയ ഉത്തരവ് കൈപ്പറ്റുന്നതിന് മുമ്പായി ഹർജിക്കാരൻ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയാണ്ടായതെന്നും കൂടാതെ ഹർജിക്കാരനു നൽകിയ മറുപടി കത്തിൽ സൂചിപ്പിച്ചിരുന്ന ചോദ്യം 5, 6, 7, 8, 9 എന്നിവയ്ക്ക് നിലവിൽ ലഭ്യമായ വിവരങ്ങൾ 02.04.2019ൽ ഹർജിക്കാരനു അയച്ചുകൊടുത്തിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 02.04.2019ന് എല്ലാ വിവരങ്ങളും ഹർജിക്കാരന് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2021 നവംബർ 18-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)